<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1962</u> <u>02-02-2024 - ൽ മറുപടിയ്ക്ക്</u>

<u>ജലഗതാഗതത്തിന് പ്രാധാന്യം നൽകുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലഗതാഗതത്തിന് പ്രാധാന്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ബോട്ട് സർവ്വീസുകൾ നടത്തി വരുന്നു. ജലഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പാസഞ്ചർ സർവീസുകൾക്ക് പുറമെ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകളും ,റെസ്ക്യൂ ആന്റ് ഡൈവ് ബോട്ടുകൾ ഉപയോഗിച്ച് ആംബുലൻസ് സർവ്വീസുകളും ,വാട്ടർ ടാക്സി സർവ്വീസുകളും നടത്തുന്നുണ്ട്. പൊതുജനങ്ങൾക്ക് യാത്രാതടസ്സം ഉണ്ടാകാത്ത വിധത്തിൽ സർവ്വീസുകൾ മുടക്കം കൂടാതെ നടത്തുന്നതിന് ആലപ്പുഴ പോഞ്ഞിക്കരയിൽ സ്ലിപ് വേ , ഡ്രൈഡോക്ക് എന്നിവ നിർമ്മിച്ച് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി വരുന്നു.<br><br>ജലഗതാഗത രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെയും, പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന്റെയും ഭാഗമായി ഇന്ത്യയിൽ തന്നെ ആദ്യമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് ആദിത്യ വകുപ്പിനു വേണ്ടി നിർമ്മാണം പൂർത്തിയാക്കി വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു.<br><br>സോളാർ ബോട്ടിന്റെ പ്രവർത്തനം വിജയമായതിനെ തുടർന്ന് 5 വർഷം കൊണ്ട് 50% ബോട്ടുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 10 ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. യാത്രക്കാർ കുറവുള്ളതും എന്നാൽ വെള്ളത്താൽ ചുറ്റപ്പെട്ടതുമായ പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുവാനായി നിർമ്മിക്കുന്ന 30 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ടുകളുടെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | അന്തിമഘട്ടത്തിലാണ്. പൊതുഗതാഗത രംഗത്ത് കൂടുതൽ സുരക്ഷ ഉറപ്പ വരുത്തുന്നതിനായി എറണാകുളം മേഖലയിൽ അനുവദിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 ബോട്ടുകളിൽ 5 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച സർവീസ് നടത്തി വരുന്നു . കൂടാതെ 75പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ബോട്ടുകളിൽ ഒരു ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച വൈക്കം - തവണക്കടവ് റൂട്ടിലും സർവീസ് നടത്തി വരുന്നു.<br><br>ജലഗതാഗത മേഖലയിൽ ബഡ്ജറ്റ് ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാസഞ്ചർ കം ടൂറിസം സർവീസുകളും ടൂറിസം സർവീസുകളും വകുപ്പ് നല്ല രീതിയിൽ നടത്തി വരുന്നു. ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണ് സോളാർ ക്രൂയിസ് വെസ്സൽ - 'ഇന്ദ്ര'. കൂടാതെ ജലഗതാഗതം മറ്റ് ജില്ലകളിൽ കൂടി വ്യാപിപിക്കുന്നതിനുള്ള പഠനങ്ങൾ ജലഗതാഗത വകുപ്പ് നടത്തി വരികയും ചെയ്യുന്നു. |
| (ബി) | ജലഗതാഗതത്തിനു കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് ജലഗതാഗതവും ടൂറിസവും വകുപ്പുകൾ സംയുക്തമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; ടൂറിസം മേഖല ശക്തിപ്പെടുത്തുന്നതിന് ജലഗതാഗതം പ്രയോജനപ്പെടുത്തുമോ; വിശദമാക്കാമോ? | (ബി) | ആവിഷ്കരിക്കുന്നതാണ്.<br><br>സംസ്ഥാനജലഗതാഗതവകുപ്പിന്റെ പറശ്ശിനി , പയ്യന്നൂർ മേഖലയിലെ സർവീസുകൾ, ടൂറിസം വകുപ്പിന്റെ മലബാർ റിവർ ക്രൂയിസ് പ്രൊജക്റ്റിന്റെ ഭാഗമായി നിർമ്മിച്ചിട്ടുള്ള ബോട്ട് ജെട്ടിയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. മറ്റു ജലഗതാഗതമേഖലകളിലും സംസ്ഥാനജലഗതാഗത വകുപ്പും ടൂറിസം വകുപ്പും ചേർന്നുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകി വരുന്നു.<br><br>കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ ആണ് സംസ്ഥാന ജലഗതാഗത വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്. സീ കുട്ടനാട്, വേഗ, വാട്ടർ ടാക്സി, സീ-അഷ്ടമുടി എന്നീ ജലയാനങ്ങൾ കേരളത്തിന്റെ പ്രകൃതി സൗന്ദര്യം പൊതുജനങ്ങൾക്ക് ആവോളം ആസ്വദിക്കുവാൻ ഏറ്റവും കൂടുതൽ പ്രയോജനകരമാകുന്ന ടൂറിസ്റ്റ് സർവ്വീസുകളാണ്.<br><br>കേരളത്തിലെ ജലഗതാഗതമേഖലകളിൽ കൂടുതൽ ടൂറിസം സർവീസുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ